പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3535 18.2.2013 ൽ മറുപടിയ്ക്ക്

വികലാംഗരെ സ്ഥിരപ്പെടുത്തുന്ന ഉത്തരവ്

ചോദ്യം

ശ്രീ. പി.തിലോത്തമൻ

മറുപടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലിക നിയമനം ലഭിക്കുന്ന വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ട് പിന്നീട് ഇറങ്ങുന്ന ഉത്തരവുകളിൽ മുൻ ഉത്തരവുകളിൽ ഉൾപ്പെട്ടുപോയി എന്നഒറ്റക്കാരണത്താൽപിന്നീട്പരിഗണിക്കാതിരിക്കുകയുംഅവരെഅടുത്തഉത്തരവിൽഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ; | (എ) ഇതിനകം സർവ്വീസിൽ മറ്റേതെങ്കിലും തസ്തികയിൽ സ്ഥിരനിയമനം ലഭിച്ചു കഴിഞ്ഞവരെ ഇപ്രകാരമുള്ള നിയമനങ്ങൾക്കായി പരിഗണിക്കേണ്ടതില്ല എന്നാണ് സർക്കാർ നിലപാട്. |
| (ബി) ഇപ്രകാരം തുടർന്നുള്ള ലിസ്റ്റിൽ നിന്ന് വികലാംഗരെ ഒഴിവാക്കുന്നതിലൂടെ ഇവർക്കു ലഭിക്കേണ്ട പ്രൊമോഷനും മറ്റാനുകൂല്യങ്ങളും നഷ്ടപ്പെടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി)ഇവർക്കു വേണ്ടി സർക്കാർ മാറ്റിവയ്ക്കുന്ന ഒഴിവുകൾ മറ്റാർക്കും നൽകുന്നില്ല എന്നിരിക്കേ ഇവരെ വീണ്ടും ഉത്തരവുകളിൽ ഉൾപ്പെടുത്താത്തതുകൊണ്ട് ആർക്കാണ് പ്രയോജനം എന്നു വ്യക്തമാക്കുമോ; | (സി)സ്ഥിരജോലി ലഭിക്കാത്ത അംഗപരിമിതർക്കുവേണ്ടിയാണ് ഈ ആനുകൂല്യം വിഭാവനം ചെയ്തിട്ടുള്ളത്. അതിനാൽ ജോലി ലഭിച്ചിട്ടുള്ള അംഗപരിമിതരെ ഉൾപ്പെടുത്താത്ത പക്ഷം അംഗപരിമിതരായ കൂടുതൽ തൊഴിൽ രഹിതർക്ക് അവസരം ലഭിക്കുന്നതാണ്. |
| (ഡി) വികലാംഗർക്ക് ജോലി ലഭിക്കാനും മെച്ചപ്പെട്ട ജോലികൾക്ക് സാധ്യതയുണ്ടാക്കുന്നതിനും വേണ്ടി ഒരിക്കൽ ഒരു ഉത്തരവിലൂടെ സ്ഥിരം നിയമനം ലഭിച്ചവർക്ക് തുടർന്നുള്ള ഉത്തരവിലും ഉൾപ്പെടാൻ അർഹതയുണ്ടെങ്കിൽ അപ്രകാരം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ